5630/ഇ1/2016/കെ.എസ്.എച്ച്.ഒ 08..11..2016

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലുമുള്ള ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതിനുമായി യോഗ്യരായ സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ, ജില്ലാ മിഷനുകളിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ എന്നീ തസ്തികകളിലേയ്ക്കാണ് നിയമനം. യോഗ്യതയുള്ള ജീവനക്കാർ കെഎസ്ആർ ചട്ടങ്ങൾ പ്രകാരം എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

## തസ്തിക : പ്രോഗ്രാം ഓഫീസർ (കുടുംബശ്രീ സംസ്ഥാന മിഷൻ)

**ഒഴിവുകളുടെ എണ്ണം – 2**

**ശമ്പള സ്കെയിൽ** : അപേക്ഷകർ 42500 – 87000 (പുതുക്കിയത്) ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഇപ്പോൾ ജോലി ചെയ്ത് വരുന്നവരായിരിക്കണം.

**യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം.
- സാമൂഹിക വികസന പരിപാടികളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമവികസനം, കൃഷി, മൃഗസംരക്ഷണം, ഡയറി വികസനം, സാമൂഹികക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം. ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ് എന്നിവയിൽ ബിരുദാനന്തര ബിരുദവും സാമൂഹിക വികസന പ്രവർത്തനങ്ങളിൽ അഭിരുചിയും അഭികാമ്യം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.

ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനത്തിനു ശേഷം, എഴുത്തു പരീക്ഷ, കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം വിലയിരുത്താനുള്ള ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**

**ഒഴിവുകളുടെ എണ്ണം - ഒരു ഒഴിവു വീതം**

(തിരുവനന്തപുരം, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ)

**ശമ്പള സ്കെയിൽ** : അപേക്ഷകർ 42500 - 87000 (പുതുക്കിയത്) ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഇപ്പോൾ ജോലി ചെയ്ത് വരുന്നവരായിരിക്കണം.

**യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- സാമൂഹിക വികസന പരിപാടികളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമവികസനം, കൃഷി, മൃഗസംരക്ഷണം, ഡയറി വികസനം, സാമൂഹികക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനത്തിനു ശേഷം, എഴുത്തു പരീക്ഷ, കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം വിലയിരുത്താനുള്ള ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **30/11/2016**

കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**

**അംഗീകാരത്തോടെ,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**